IVO-5/50/2023

പ്രേഷകൻ

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

സ്വീകർത്താവ്

കാപ്പാടൻ വീട്ടിൽ കുഞ്ഞിക്കണ്ണൻ
അർച്ചന- ഉത്തിയൂർ
മട്ടന്നൂർ.പി.ഒ

സർ,

വിഷയം - മട്ടന്നൂർ നഗരസഭയിൽ നിന്നും പെർമിറ്റ് പുതുക്കി നൽകാത്തത് - സംബന്ധിച്ച്.

സൂചന: താങ്കൾ, സ്ഥിരം അദാലത്ത് സമിതിയിൽ സമർപ്പിച്ച അപേക്ഷ.

..................................

കോളാരി വില്ലേജിൽ 64/111ൽ പ്പെട്ട 64/4A-1 E, 64/4A-2 B യിൽ പ്പെട്ട സ്ഥലത്ത് ഗ്രൗണ്ട് ഫ്ളോർ 18.52 $m^2$, ഫസ്റ്റ് ഫ്ളോർ 18.52 $m^2$ എന്നിങ്ങനെ കമേഴ്ഷ്യൽ കെട്ടിടം നിർമ്മിക്കുന്നതിന് 20/06/2009 ന് BA-659/08-09 ആയി കാപ്പാടൻ വീട്ടിൽ കുഞ്ഞികണ്ണൻ, മുരിങ്ങോളി ബാലൻ നായർ എന്നിവർക്ക് പെർമിറ്റ് അനുവദിച്ചിരുന്നു. 19/06/2009 മുതൽ 18/06/2012 വരെയും കാലാവധി പുതുക്കി പിന്നീട് 09/06/2012 മുതൽ 18/06/2015 വരെയും പിന്നീട് 20/06/2015 മുതൽ 19/06/2018 വരെയും മൂന്ന് തവണ പെർമിറ്റ് പുതുക്കി നൽകി.

പിന്നീട് മുരിങ്ങോളി ബാലൻ നായരുടെ മരണ ശേഷം ടിയാളുകളുടെ അവകാശം രേഖപ്രകാരം കാപ്പാട് കുഞ്ഞികണ്ണൻ എന്നവർക്ക് ലഭിക്കുകയുണ്ടായി. മേൽ കാരണത്താൽ ആയതിന് ശേഷം പെർമിറ്റ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കുവാൻ കാലതാമസം ഉണ്ടായി. ഒറിജിനൽ പെർമിറ്റ് നഷ്ടപ്പെട്ടതിനാൽ അഫിഡവിറ്റ് സഹിതം 04/02/2023 ന് അപേക്ഷ സമർപ്പിച്ചത് പ്രകാരം സ്ഥലം അളവും സർവ്വെ സ്കെച്ചുമായി യോജിക്കുന്നില്ല . അനുവദിച്ച പെർമിറ്റിൽ കൂടുതൽ നിർമ്മാണം നടത്തി സെറ്റ്ബാക്ക് കുറവാണ്. കെഎംബിആൽ റൂൾ 6(1) 26, 26A 37, 109(A) എന്നിവ ലംഘനം ഉണ്ടെന്ന് രേഖപ്പെടുത്തി മുനിസിപ്പൽ സെക്രട്ടറി, ടൗൺ പ്ലാനർക്ക് അപേക്ഷ സമർപ്പിച്ചു.

KMBR 2019ചട്ടം 15(4) 10 വർഷ കാലയളവിന് ശേഷവും പെർമിറ്റ് പുതുക്കേണ്ട ആവശ്യകതയുള്ള സംഗതിയിൽ അപേക്ഷൻ പെർമിറ്റ് കാലാവധി തീർന്ന് 3 വർഷത്തിനുള്ളിൽ ടി ചട്ടത്തിലെ അദ്ധ്യായം 9 പ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മിറ്റിക്ക് രേഖാമൂലം അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷയുടെ നിജസ്ഥിതി തൃപ്തികരമാണെന്ന് ബോധ്യപ്പെട്ടതിന്മേൽ കമ്മിറ്റിക്ക് പെർമിറ്റിന്റെ കാലാവധി ആയതിന് യുക്തമെന്ന് തോന്നുന്ന വിധം നിബന്ധനകൾ ഉൾപ്പെടുത്തിയോ അല്ലാതെയോ പുതുക്കുന്നതിന് ശുപാർശ ചെയ്യാവുന്നതാണ്.

ഇവിടെ അപേക്ഷകൻ പെർമിറ്റ് കാലാവധി 9 വർഷം കഴിഞ്ഞ് 4 വർഷവും 8 മാസവും കഴിഞ്ഞതിന് ശേഷം 04/02/2023 ആണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

G.O.(M.S)46/2018/LSGD Dt: 20/04/2018 പ്രകാരം സർക്കാർ അംഗീകരിച്ച മട്ടന്നൂർ ടൗൺ മാസ്റ്റർ പ്ലാനിന്റെ പരിധിയിൽപ്പെടുന്ന സ്ഥലത്താണ് ടി പെർമിറ്റിന്റെ സ്ഥലം.

മട്ടന്നൂർ ടൗൺ മാസ്റ്റർ പ്ലാൻ പ്രകാരം മേൽ സ്ഥലം പബ്ലിക് ആന്റ് സെമി പബ്ലിക് സോണിൽ വരുന്നതാണ്. ടി മാസ്റ്റർ പ്ലാനിന്റെ സോണിംഗ് റഗുലേഷൻ പ്രകാരം ടി സ്ഥലത്ത് വാണിജ്യ കെട്ടിട നിർമ്മാണം അനുവദനീയമല്ല.

9 വർഷം കഴിഞ്ഞ് പുതുക്കാൻ നൽകിയ പെർമിറ്റ് സ്ഥലത്തിന്റെ അതിർത്തിയിൽ 8.80 മീറ്റർ വീതിയുള്ള മട്ടന്നൂർ മരുതായി റോഡ് ഉണ്ട്. മട്ടന്നൂർ മാസ്റ്റർ പ്ലാനിൽ ടി റോഡ് 15 മീറ്റർ ആയി വീതി കൂട്ടുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്.

പെർമിറ്റ് സ്ഥലത്ത് ഭൂനിരിക്കിൽ നിന്നും ഒരു വരി ചെങ്കല്ല് വെച്ച് പണി നടത്തിയതായി കാണുന്നു. സ്ഥലം കാട്മൂടിയ നിലയിലാണ്. നിലവിൽ അപേക്ഷ ടൗൺ പ്ലാനിംങ്ങ് ഓഫീസിൽ തുടർ നടപടി സ്വീകരിച്ച് വരികയാണ്.

കെഎംബിആർ 109 പ്രകാരം ഏതെങ്കിലും ചട്ടങ്ങളുടെ വ്യാഖ്യാനം , ഏതെങ്കിലും വ്യവസ്ഥകൾ സംബന്ധിച്ച് ഏതെങ്കിലും സംശയം ഉണ്ടാകുമ്പോഴോ അല്ലെങ്കിൽ ഏതെങ്കിലും വ്യവസ്ഥകളുടെ നടത്തിപ്പ് സംബന്ധിച്ച് എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടാവുമ്പോഴോ സംശയത്തിന് സ്പഷ്ടീകരണം നൽകുന്നതിന് അല്ലെങ്കിൽ ബുദ്ധിമുട്ട് നീക്കം ചെയ്യുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള അധികാരം സർക്കാറിന് ഉണ്ടായിരിക്കുന്നതാണ്.

ടി സാഹചര്യത്തിൽ ടി വിഷയത്തിൽ സ്പഷ്ടീകരണത്തിനായി റൂൾ 109 പ്രകാരം സർക്കാറിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ആയതിനാൽ ടി അപേക്ഷ ജില്ലാ തല സമിതിയുടെ പരിഗണനയ്ക്കായി എസ്കലേറ്റ് ചെയ്യുന്നു.

വിശ്വസ്തതയോടെ,

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

കണ്ണൂർ
07/02/2024